# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1559 — 15.02.2016 ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ശരാശരി എത്ര മെട്രിക് ടൺ റബ്ബർ പ്രതിവർഷം ഉല്പാദിപ്പിക്കുന്നുണ്ട്; കഴിഞ്ഞ പത്തു വർഷത്തെ സംസ്ഥാനത്തെ റബ്ബർ ഉല്പാദനം എത്ര മെട്രിക് ടൺ വീതമാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്;

(എ) സംസ്ഥാനത്തെ കഴിഞ്ഞ 10 വർഷത്തെ റബ്ബർ ഉല്പാദനം സംബന്ധിച്ച സാമ്പത്തിക സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു.

| | വർഷം | ഉല്പാദനം (ടൺ) |
|---|---|---|
| 1 | 2005-06 | 739225 |
| 2 | 2006-07 | 780405 |
| 3 | 2007-08 | 753135 |
| 4 | 2008-09 | 783485 |
| 5 | 2009-10 | 745510 |
| 6 | 2010-11 | 770580 |
| 7 | 2011-12 | 798940 |
| 8 | 2012-13 | 800050 |
| 9 | 2013-14 | 648220 |
| 10 | 2014-15 | 507700 |

(ബി) ഈ സർക്കാർ 2011-12 മുതൽ പിന്നിട്ട ഓരോ വർഷവും എത്ര മെട്രിക് ടൺ റബ്ബർ, താങ്ങുവില നല്കി സംഭരിക്കുകയുണ്ടായി; ഓരോ വർഷവും ഖജനാവിൽ നിന്ന് ഇതിനായി പിൻവലിച്ച തുക എത്രവീതം;

(ബി) സ്വാഭാവിക റബ്ബറിന് വില താഴ്ന്ന് നിന്ന സാഹചര്യത്തിൽ സ.ഉ. (എം.എസ്) നം.56/2014/കൃഷി തീയതി 25.02.2014 പ്രകാരമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. ടി പദ്ധതിപ്രകാരം 2014 ഡിസംബർ വരെ 1227.32 ടൺ റബ്ബറാണ് സംഭരണ ഏജൻസികളായ റബ്ബർമാർക്കും, മാർക്കറ്റ്ഫെഡും സംഭരിച്ചിട്ടുള്ളത്. ഇതിനായി 2013-14 ൽ 4 കോടി രൂപയും 2014-15 ൽ 12 കോടി രൂപയും ഉൾപ്പെടെ ആകെ 16 കോടി രൂപയാണ് പിൻവലിച്ചിട്ടുള്ളത്.

2015-16 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ വില സ്ഥിരതാ പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സ.ഉ. (പി) നം.269/2015/ഫിൻ തീയതി 03.07.2015 പ്രകാരം ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ടി പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു.

(സി) റബ്ബറിന്റെ വിലത്തകർച്ച ഇപ്പോൾ ഏത് നിലവാരത്തിലെത്തിനിൽക്കുന്നു; വിശദമാക്കാമോ;

(സി) റബ്ബർ ബോർഡിന്റെ 06.02.2016 ന് അവസാനിക്കുന്ന ആഴ്ചയിലെ പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം ആർ.എസ്.എസ്.4 ഇനത്തിലുള്ള റബ്ബറിന്റെ ആഭ്യന്തര വിപണിവില കിലോക്ക് 92.25 രൂപയാണ്

(ഡി) നടപ്പുവർഷം എത്ര മെട്രിക് ടൺ റബ്ബർ വാങ്ങാനും എത്ര തുക അതിനായി ചെലവഴിക്കാനും തീരുമാനിച്ചിരുന്നു; ചെലവഴിച്ച തുക എത്ര; സംഭരിച്ച റബ്ബർ എത്ര; റബ്ബർ സംഭരിച്ച ഇനത്തിൽ നല്കേണ്ടതായ ഹാന്റിലിംഗ് ചാർജ്ജ് നല്കിയിട്ടുണ്ടോ?

(ഡി) നടപ്പു വർഷം റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ക്കായി 300 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത 300 കോടി രൂപയിൽ 10.02.2016 വരെ 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ ഹാന്റിലിംഗ് ചാർജ് നൽകുന്നതിനുള്ള ഉത്തരവ് ഇല്ല.

സ.ഉ. (എം.എസ്) നം.56/2014/കൃഷി, തീയതി 25.02.2014 പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിച്ചതിനുള്ള ഹാൻഡ് ലിംഗ് ചാർജ് സംഭരണ ഏജൻസികൾക്ക് നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**